പി.എസ്.സി.-യുടെ പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനം

41 (4373) ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-യുടെ പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത വെബ്സൈറ്റിന്റെ പ്രവർത്തനം പൂർണ്ണമായി തുടങ്ങിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനം പൂർണ്ണമാകുന്നതുവരെ പഴയ വെബ്സൈറ്റിന്റെ പ്രവർത്തനം തുടരുമോ ; വിശദമാക്കുമോ ;

(ഡി) ഉദ്യോഗാർത്ഥികൾക്കിടയിൽ പുതിയ വെബ്സൈറ്റിനെ സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. www.keralapsc.gov.in എന്ന മേൽവിലാസത്തിൽ 4-2-2013-ൽ പുതിയ വെബ്സൈറ്റ് നിലവിൽ വന്നു.

(സി) പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനം പൂർണ്ണ തോതിലാണ് നടന്നു വരുന്നത്. എങ്കിലും പഴയ വെബ്സൈറ്റ്, പുതിയ വെബ്സൈറ്റ് നിലവിൽ വന്നശേഷം ഒരു വർഷത്തോളം സമാന്തരമായി പ്രവർത്തിച്ചിരുന്നു.

(ഡി) പുതിയ വെബ്സൈറ്റ് നിലവിൽ വന്നതിനെ തുടർന്ന് വ്യാപക പ്രചരണം ദൃശ്യ-ശ്രവ്യ-പത്രമാധ്യമങ്ങളിലൂടെ നൽകിയിരുന്നു. കൂടാതെ പഴയ വെബ്സൈറ്റിൽ പുതിയതിന്റെ അക്സസ് ലിങ്ക് കൂടി നൽകി ഒരു വർഷം നിലനിർത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly